വഴിവെളിച്ചം

# അനഭിലഷണീയമായ സദ്യ

عَن ثَابِتٍ رَضِي اللَّهُ عَنهُ قَالَ: ذُكِر تَزْوِيجُ زَيْنَب بِنْت جَحْشٍ رَضِي اللَّهُ عَنْهَا عِنْدَ أَنَس بْنِ مَالِك رَضِي اللَّهُ عَنهُ فَقَالَ : مَارَأَيْتُ رَسُولَ اللَّهِ ﷺ اَوْلَمَ عَلى أَحَدٍ مِنْ نِسَائِهِ ما اَوْلَمَ عَلَيْهَا ، اَوْلَمَ بِشَاةٍ

**സാബിതി(റ)ൽനിന്ന്: അനസുബ്നു മാലികി(റ)ന്റെ സന്നിധിയിൽ ജഹ്ശിന്റെ മകൾ സൈനബി(റ)ന്റെ വിവാഹം പരാമർശിക്കപ്പെട്ടപ്പോൾ, അദ്ദേഹം പറഞ്ഞു: "ഇവരുടെ വിവാഹത്തിന് നടത്തിയ സദ്യപോലെ ഒരു ഭാര്യക്ക് വേണ്ടിയും നബി(സ) സദ്യ നടത്തിയിട്ടില്ല. ഒരു ആടിനെയറുത്താണ് സദ്യ നടത്തിയത്" (ബുഖാരി)**

**നബി(സ)** വിവാഹ സദ്യ നടത്തിയത് ലളിതവും ചെലവുകുറഞ്ഞ രീതിയിലുമാണെന്ന് വ്യക്തമാക്കുന്ന തിരുവചനമാണിത്.

"ഏറ്റവും അനുഗൃഹീത സദ്യ ഏറ്റവും ലളിതമായതാണ്" അവിടുന്ന് ഒരിക്കൽ അരുൾ ചെയ്തു. പ്രകടനപരതക്ക് വേണ്ടി വൻതുക ചെലവഴിച്ച് കണ്ടമാനം വിഭവങ്ങളുണ്ടാക്കി സദ്യയിൽ ധാരാളിത്തം കാണിക്കുന്നത് സത്യവിശ്വാസികളുടെ സ്വഭാവമല്ല. പ്രവാചകന്റെ ഈ മാതൃകയാണ് അവർ പിന്തുടരേണ്ടത്.

വിവാഹം മനുഷ്യജീവിതത്തിലെ സുപ്രധാനമായൊരു സംഭവമാണ്. അതിന് സാക്ഷികളാവാൻ ബന്ധുക്കളെയും അയൽക്കാരെയും സുഹൃത്തുക്കളെയും ക്ഷണിക്കുകയും അവർക്ക് വലീമത്ത് (വിവാഹസദ്യ) നൽകുകയും ചെയ്യുന്നത് അഭിലഷണീയമായിട്ടാണ് ഇസ്‌ലാം കാണുന്നത്. കുടുംബബന്ധം ചേർക്കലും സൗഹൃദബന്ധം സ്ഥാപിക്കലുമാണ് വലീമത്തിന്റെ ലക്ഷ്യം. അത് ലളിതമാക്കുകയാണ് നല്ലത്.

ഒരിക്കൽ പുത്തനുടുപ്പിട്ട് അത്തർപൂശി അബ്ദുർറഹ്മാനുബ്നു ഔഫ്(റ) പള്ളിയിൽ വന്നപ്പോൾ, നബി(സ) ചോദിച്ചു: "സുഗന്ധം വരുന്നുണ്ടല്ലോ. വല്ല വിശേഷവും?" "അതെ വിശേഷമുണ്ട്. ഞാൻ കല്യാണം കഴിച്ചു." അദ്ദേഹം പ്രതിവചിച്ചു. നബി(സ) പറഞ്ഞു: "ശരി, ഒന്നുകൂടി ചെയ്യാനുണ്ട്. സദ്യവേണം, ഒരാടിനെ അറുത്തിട്ടെങ്കിലും!" വിവാഹം മനോഹരം, സദ്യ ലളിതം!

വിവാഹവേളകൾ പൊങ്ങച്ചവേദികളാവരുത്. ലളിതവൽക്കരിക്കുകയാണ് അഭികാമ്യം. മിതത്വം

വിശ്വാസിയുടെയും അമിതത്വം പിശാചിന്റെയും സ്വഭാവമത്രെ. അല്ലാഹു പറയുന്നു: "നീ ധൂർത്തും ദുർവ്യയവും കാണിക്കരുത്. ധൂർത്തന്മാർ പിശാചുക്കളുടെ സഹോദരന്മാരാണ്. പിശാച് തന്റെ രക്ഷിതാവിനോട് തീരെ നന്ദികാണിക്കാത്തവനും" (*അൽ ഇസ്റാഅ്* 26,27). നബി(സ) പറയുന്നു: "കാര്യങ്ങളിൽ ഏറ്റവും ഉത്തമം അവയിലെ മധ്യമാവസ്ഥയാണ്" (ബൈഹഖി)

സദ്യക്ക് പാവങ്ങളെ ഒഴിവാക്കി പണക്കാരെ മാത്രം ക്ഷണിക്കുന്നത് അനഭിലഷണീയമാണ്. മോശമായ സദ്യയാണത്. നബി(സ) അരുളുന്നു: "ഭക്ഷണത്തിലേറ്റം ദുഷിച്ച ഭക്ഷണം സമ്പന്നന്മാർ ക്ഷണിക്കപ്പെടുകയും സാധുക്കൾ അവഗണിക്കപ്പെടുകയും ചെയ്ത സദ്യയിലെ ഭക്ഷണമത്രെ" (ബുഖാരി)

സദ്യക്ക് ക്ഷണിച്ചാൽ, അത് സ്വീകരിക്കണം. അബൂഹുറയ്റയിൽനിന്ന്: നബി(സ) പറഞ്ഞു: "ആരെങ്കിലും ക്ഷണം തിരസ്കരിച്ചാൽ അവൻ അല്ലാഹുവിനോടും അവന്റെ ദൂതനോടും എതിര് പ്രവർത്തിച്ചു" (ബുഖാരി). ■

**അബ്ദുൽ ജബ്ബാർ കൂരാരി**